**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1433** **12-02-2025 - ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.എ. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധികതസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് എന്ന് പ്രാബല്യത്തിൽ വരുമെന്നും വിശദമാക്കാമോ; | (എ) | 2024-25 അധ്യയന വർഷത്തിൽ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) | 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിലെ കണക്കനുസരിച്ച് സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞത് മൂലം നഷ്ടപ്പെട്ട എൽ.പി.എസ്.എ., പി.ടി. ടീച്ചർ തസ്തികകളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ; | (ബി) | 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിലെ കണക്കനുസരിച്ച് സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞത് മൂലം നഷ്ടപ്പെട്ട എൽ.പി.എസ്.എ ടീച്ചർ തസ്തികകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ അധിക തസ്തികകളുള്ള പ്രൈമറി സ്കൂളുകളുടെ പേരും എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ അധിക തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ അധിക തസ്തികകൾ അനുവദിച്ച ജില്ല തിരിച്ചുള്ള പ്രൈമറി സ്കൂളുകളുടെ പേരും എണ്ണവും ലഭ്യമാക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | 2022 മേയ് 31-ന് നിലവിൽ വന്ന എൽ.പി.എസ്.എ. റാങ്ക്‌ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾക്ക് 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) | 2024-25 വർഷത്തെ അധിക തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള ചട്ടപ്രകാരമുള്ളനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | എച്ച്.എം. പ്രമോഷൻ മൂലമുണ്ടാകുന്ന ഒഴിവുകൾ ഉൾപ്പടെ, 2022 മേയ് 31-ന് നിലവിൽവന്ന എൽ.പി.എസ്.എ. റാങ്ക്‌ലിസ്റ്റിന്റെ കാലാവധിക്കുള്ളിലുണ്ടാവുന്ന എല്ലാ ഒഴിവുകളും ആവശ്യമായ പ്രമോഷനുകൾ നടത്തി നിലവിലെ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | നിലവിലെ എൽ.പി.എസ്.എ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ആവശ്യമായ പ്രൊമോഷനുകൾ നടത്തി ഒഴിവുകളുടെ നിശ്ചിത ശതമാനം പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- 1**

| ക്രമ നമ്പർ | ജില്ല | എൽ.പി.എസ്.എ |
|---|---|---|
| 1. | തിരുവനന്തപുരം | 71 |
| 2 | കൊല്ലം | 58 |
| 3 | പത്തനംതിട്ട | 13 |
| 4 | ആലപ്പുഴ | 29 |
| 5 | ഇടുക്കി | 6 |
| 6 | എറണാകുളം | 20 |
| 7 | തൃശ്ശൂർ | 21 |
| 8 | പാലക്കാട് | 35 |
| 9 | മലപ്പുറം | 66 |
| 10 | വയനാട് | 14 |
| 11 | കോട്ടയം | 10 |
| 12 | കണ്ണൂർ | 26 |
| 13 | കാസർഗോഡ് | 34 |
| 14 | കോഴിക്കോട് | 44 |
| | **ആകെ** | **447** |